(ഇ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കമ്പോണന്റ് 1-നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ഇതിൽ കേന്ദ്രസർക്കാർ വിഹിതമായി 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

നിലവിലെ റേഷൻ കാർഡുകളുടെ കണക്ക്

194 (3944) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ട് ; അതിൽ എ.പി.എൽ. എത്ര ; ബി.പി.എൽ. എത്ര ; എ.എ.വൈ. എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കിയിട്ടുണ്ട് ; എത്ര ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ജീവനക്കാരിൽ (കേന്ദ്ര-സംസ്ഥാന-പൊതുമേഖല) എത്ര പേർക്ക് ഇപ്പോൾ ബി.പി.എൽ. കാർഡുകളുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ബി.പി.എൽ. കാർഡുകൾ എ.പി.എൽ. കാർഡുകളാക്കി മാറ്റിയ എത്ര കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാരുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ,

(ഇ) എ.പി.എൽ. കാർഡുകൾക്കും ബി.പി.എൽ. കാർഡുകൾക്കും നൽകാനായി ഓരോ മാസവും കേന്ദ്രസർക്കാർ അരി ഉൾപ്പെടെ എന്തെല്ലാം ഭക്ഷ്യോല്പന്നങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കാനും ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കാനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

Sl. No.	District	APL	BPL	AAY	Total
1	TVM	691094	160710	62809	914613
2	KLM	507278	156669	51131	715078
3	PTA	252423	56679	26016	335118
4	ALP	397631	130893	41867	570391
5	KTM	373062	94743	34175	501980
6	IDK	201464	61514	32178	295156
7	EKM	682892	99718	38332	820942
8	TSR	577966	171199	56519	805684
9	PKD	554993	99512	46923	701428
10	MLP	657243	141263	53262	851768
11	KKD	543418	132022	41722	717162
12	WND	130090	33285	40834	204209
13	KNR	457532	89454	35546	582532
14	KSD	215148	59104	20622	294874
	Total	6242234	1486765	581936	8310935

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരം ചുവടെ ചേർക്കുന്നു:

Sl. No.	District	APL to BPL	BPL to APL
1	TVM	9009	9009
2	KLM	5924	5616
3	PTA	1449	3314
4	ALP	4143	5167
5	KTM	1557	4279
6	IDK	2815	1226
7	EKM	4989	4886
8	TSR	16545	2458
9	PKD	8438	4151
10	MLP	6405	8606
11	KKD	11583	5532
12	WND	11287	1892
13	KNR	4380	4463
14	KSD	4175	1941
	Total	92699	62540

(സി) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ കൈവശമുള്ള ബി.പി.എൽ. റേഷൻ കാർഡുകൾ തിരിച്ചുനൽകി എ.പി.എൽ. കാർഡുകളാക്കി മാറ്റണമെന്ന് ആഹ്വാനം ചെയ്യുകൊണ്ടും അപ്രകാരം ചെയ്യാത്തവരുടെ കാർഡുകൾ കണ്ടുകെട്ടി റദ്ദാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന മുന്നറിയിപ്പുകൾ നൽകിയും ബൃഹത്തായ ഒരു പ്രചാരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം കാർഡുകൾ തിരിച്ചേൽപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാർ ആരുംതന്നെ ഇപ്പോൾ ബി.പി.എൽ. കാർഡുകൾ കൈവശം വച്ചിട്ടില്ല എന്നാണ് സർക്കാർ കണക്കാക്കുന്നത്.

(ഡി) ഉത്തരം ചുവടെ ചേർക്കുന്നു:

Sl. No.	District	No. of Cards
1	TVM	2290
2	KLM	3789
3	PTA	1618
4	ALP	2417
5	KTM	2011
6	IDK	808
7	EKM	1805
8	TSR	2040
9	PKD	2138
10	MLP	724
11	KKD	5532
12	WND	936
13	KNR	706
14	KSD	1135
	Total	27949

(ഇ) അരി, ഗോതമ്പ്, പഞ്ചസാര, ആട്ട.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) താഴെ പറയുന്ന വിഭാഗങ്ങളെ ബി.പി.എൽ.-ൽ നിന്നും ഒഴിവാക്കുന്നതാണ്:

- സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ
- ആദായ നികുതി ഒടുക്കുന്നവർ
- സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ
- സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ
- നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ.

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്നതുമാണ്:

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
- എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം

195 (3945) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ ;

(ബി) ഡൽഹി, ബോംബെ കേരള ഹൗസുകളിൽ പ്രീമിയം വില്പനശാലകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly